## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1227 30/09/2011-ൽ മറുപടിക്ക്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി.സി. വിഷ്ണുനാഥ്

**മറുപടി**

ശ്രീ. ഷിബു ബേബി ജോൺ
തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതി പ്രകാരം വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

(എ,ബി&സി) നിലവിലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇൻഷുറൻസ് ഏജൻസികളുമായി ബന്ധപ്പെട്ട് ഇനിയും കൂടുതൽ വിഭാഗങ്ങളെ ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

ഇതിന്റെ ഭാഗമായി നമ്മുടെ അയൽ സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ നടപ്പാക്കിവരുന്ന രാജീവ് ആരോഗ്യ ശ്രീ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ